# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 300** 03.04.2013-ലെ മറുപടിയ്ക്ക്

### ജൈവവൈവിധ്യ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.റ്റി.ബൽറാം | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) ജൈവവൈവിധ്യ സംരക്ഷണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) പ്രാഥമിക പരിസ്ഥിതി സംരക്ഷണം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിർബന്ധ പദ്ധതിയായി ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും പരിസ്ഥിതി പ്രവർത്തനങ്ങളിലെ സജീവ ഇടപെടൽ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾക്ക് 2002-ലെ ജൈവവൈവിധ്യ നിയമ പ്രകാരം അതാതു പഞ്ചായത്തുകളിലെ ജൈവവൈവിധ്യ സംരക്ഷണത്തിനും, ജൈവവിഭവങ്ങളുടെ നിയന്ത്രിത ഉപഭോഗത്തിനും, നീതിപൂർവ്വമായ ഉപഭോഗത്തിനും അധികാരമുണ്ട്. |
| (ബി) സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ; | (ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പഞ്ചായത്തുക ളിൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടു ണ്ടോ; വിശദമാക്കുമോ ; | (സി) | ഇതുവരെ 496 ഗ്രാമപഞ്ചായത്തുകളിൽ ജൈവവൈവിധ്യ രജിസ്റ്റർ പൂർത്തി യാക്കിയിട്ടുണ്ട്. |
| (ഡി) | രജിസ്റ്റർ തയ്യാറാക്കാത്ത പഞ്ചായത്തുകളിൽ സമയ ബന്ധിതമായി അവ തയ്യാറാ ക്കാനുള്ള നടപടികൾ സ്വീക രിക്കുമോ ? | (ഡി) | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാ ക്കാത്ത ഗ്രാമപഞ്ചായത്ത്/നഗര സഭകൾ 2011-12 സാമ്പത്തിക വർഷ ത്തിൽ പി.ബി.ആർ തയ്യാറാക്കുന്ന തിനുള്ള പദ്ധതി രൂപീകരിക്കേണ്ടതും ഇക്കാര്യം ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പു വരുത്തേണ്ടതു മാണെന്ന് സർക്കുലർ പുറപ്പെടുവിച്ചി രുന്നു. ഇതിനുശേഷവും പി.ബി.ആർ തയ്യാറാക്കാത്ത ഗ്രാമപഞ്ചായത്ത് /നഗരസഭകൾക്ക് 2012-13 വർഷം തന്നെ പി.ബി.ആർ തയ്യാറാക്കൽ അനിവാര്യ പദ്ധതിയായി നടപ്പാക്കേ ണ്ടതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കാത്ത പഞ്ചായത്തുകളിൽ 2012-13 വർഷം തന്നെ രജിസ്റ്റർ തയ്യാറാക്കൽ അനിവാര്യ പദ്ധതിയായി നടപ്പാ ക്കേണ്ടതാണെന്ന് 16.10.2012-ലെ 57681/ഡിഎ2/12/തസ്വഭവ നമ്പർ കത്തു പ്രകാരവും നിർദ്ദേശം നൽകി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ